# കുറ്റം ആരോപിക്കുന്നതിന് മുമ്പ്..



സ്കൂളിൽ പോകുന്നതിനായി റോഡിലേക്ക് ഇറങ്ങിയപ്പോഴാണ് വാച്ച് എടുത്തില്ലെന്ന കാര്യം ടോണി ഓർത്തത്. ഓടിവന്ന് പതിവായി വാച്ച് സൂക്ഷിക്കുന്ന അലമാരിയിൽ നോക്കിയെങ്കിലും കണ്ടില്ല. ധൃതിയോടെ അവൻ തിരിച്ചുവരുന്നതു കണ്ടാണ് അമ്മ അടുക്കളയിൽനിന്നും വന്നത്. അവർ രണ്ടുപേരുംകൂടി തിരഞ്ഞിട്ടും വാച്ച് കിട്ടിയില്ല. എന്തും അലക്ഷ്യമായി വയ്ക്കുന്ന അവന്റെ സ്വഭാവത്തെപ്പറ്റി അമ്മ വഴക്കുപറയുകയും ചെയ്തു. ഇതിനിടയിൽ സ്കൂൾ ബസ് വന്നതുകൊണ്ട് വൈകുന്നേരം നോക്കാമെന്നു പറഞ്ഞ് അവനോടി ബസിൽക്കയറി. ടോണി പോയിക്കഴിഞ്ഞ് അമ്മ അലമാരിയിൽ ഉണ്ടായിരുന്ന സാധനങ്ങളെല്ലാം മാറ്റി വിശദമായി പരിശോധിച്ചെങ്കിലും വാച്ച് കണ്ടില്ല.

കോളജിൽ പഠിക്കുന്ന ടോണിയുടെ സഹോദരൻ ഇതിനിടയിൽ മറ്റൊരു അഭിപ്രായം പറഞ്ഞു. തൊട്ടടുത്ത് താമസിക്കുന്ന ടോണിയുടെ സഹപാഠി അഖിൽ ഇന്നലെ ഇവിടെ വന്നിരുന്നു. അവന്റെ മുഖം കണ്ടാൽത്തന്നെ ഒരു കള്ളലക്ഷണമുണ്ട്. അവൻ എടുത്തതാകാനേ വഴിയുള്ളൂ. ആ അഭിപ്രായം ശരിയാണെന്ന് പലർക്കും തോന്നി. അതു കേട്ടുകൊണ്ടുനിന്നിരുന്ന പപ്പ പറഞ്ഞത്, അലമാരി അവിടെനിന്ന് മാറ്റിനോക്കാനായിരുന്നു. അലമാരി മാറ്റിയപ്പോൾ അതിനിടയിൽ വാച്ച് കിടപ്പുണ്ടായിരുന്നു. മറ്റുള്ളവരെ മോശക്കാരായി വിലയിരുത്തുന്ന മുൻവിധികളാണ് ആദ്യം മാറ്റേണ്ടതെന്നായിരുന്നു പപ്പ അഭിപ്രായപ്പെട്ടത്. അഖിലിന്റെ മുഖത്ത് കള്ളലക്ഷണം ഉള്ളതായി പിന്നീടൊരിക്കലും അവർക്ക് തോന്നിയിട്ടില്ല.

അടിസ്ഥാനരഹിതമായ ആരോപണങ്ങളും നമ്മുടെ തെറ്റായ ധാരണകളും അനേകരുടെ സൽപ്പേര് നശിപ്പിച്ചിട്ടുണ്ട്.